ഉത്തരം

(എ) അനുബന്ധമായി കൊടുത്തിട്ടുള്ള സർക്കാർ ഉത്തരവുകളിൽ വിശദാംശങ്ങൾ കാണാവുന്നതാണ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 2001-02 വരെ തുടർച്ചാനുമതിയുണ്ടായിരുന്ന സയന്റിഫിക്/ടെക്നിക്കൽ പേഴ്സണൽ തസ്തികകൾക്ക് 2002-03-ൽ തുടർച്ചാനുമതി ലഭിക്കാതിരുന്നതിനാൽ നിയമനം നടത്തിയിരുന്നില്ല. എന്നാൽ അത്തരം ഒരു നിർദ്ദേശം നിലവിലുണ്ട്.

(ഇ) ഇല്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

മുൻ മന്ത്രിസഭയുടെ കാലത്തെ അതിഥി സൽക്കാരച്ചെലവുകൾ

25 [3400] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മന്ത്രിസഭയുടെ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും അതിഥി സൽക്കാരത്തിന് എന്തു തുക വീതം ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ മന്ത്രിസഭയുടെ കാലത്തെ ഈ ഇനത്തിലെ കുടിശ്ശിക ഈ സർക്കാർ നിലവിൽ വന്നശേഷം കൊടുത്തുതീർത്തിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ മന്ത്രിക്കു വേണ്ടിയും എന്തു തുക വീതം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം (എ) യായി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) അനുബന്ധം (ബി) യായി ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly